**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരളഗ്രോ ബ്രാൻഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങൾക്ക് മൂല്യ വർദ്ധനവിലൂടെ കൂടുതൽ മെച്ചപ്പെട്ട വിപണി ലഭ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, അനുയോജ്യമായ മൂല്യവർധന പ്രവർത്തനങ്ങൾ, വിപണനം ഉൾപ്പടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുത്തു നടത്തുന്നതിനായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ.കൾ) രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.<br><br>ദ്വിതീയ കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ മൂല്യവർദ്ധിത മേഖലയിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപന്ന മേഖലയിൽ പ്രവർത്തിക്കുന്ന കാർഷിക സംരംഭകർക്ക് ആവശ്യമായ സാങ്കേതിക വിപണി അധിഷ്ഠിതവുമായ സേവനങ്ങൾ നൽകുന്നതിനായി കേരളാഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകൃതമായിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതിനും, മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതിക വിദ്യകളും, ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും സംസ്ഥാന സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം ((SFAC) വഴിയും കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്റർ വഴിയും നൽകിവരുന്നു. കാർഷിക ഉൽപന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണന സംവിധാനവും ഒരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങും സംസ്ഥാന കൃഷിവകുപ്പും തമ്മിൽ ഒപ്പിട്ട ധാരണപത്രത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും, കർഷകർക്കും, FPO-കൾക്കും, |

കർഷകഗ്രൂപ്പുകൾക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിത മേഖലയിലെ കാർഷിക സംരംഭകർക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക പിന്തുണയും വിപണി പിന്തുണയും ഉറപ്പാക്കുവാനായി 'കേര' പദ്ധതിയിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ)-ന്റെ കീഴിൽ 7 പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്തുവരുന്നു. കൂടാതെ അതിരപ്പിള്ളിയിലും, Attappadi Tribal Farmers Association for Millets (ATFAM)-ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലും, ചെറു ധാന്യങ്ങളുടെ സംസ്കരണശാല (Common Processing Center) പ്രവർത്തിച്ചുവരുന്നു. പോസ്റ്റ് ഹാർവെസ്റ്റ് & വാല്യൂ അഡിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ചേർത്തല തെക്ക് പഞ്ചായത്തിൽ ചെറു ധാന്യങ്ങളുടെ ഒരു സംസ്കരണശാല (Common Processing Center) ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 141.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിന് കീഴിൽ മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസിംഗ് യൂണിറ്റ്, ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു ഹണി പ്രോസസ്സിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നു.

ഇത്തരത്തിൽ സംസ്ഥാനത്തെ കർഷകർ, കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ), കർഷക ഉത്പാദക കമ്പനികൾ (എഫ്.പി.സി) മറ്റ് കർഷകകൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ, കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും, വി.എഫ്.പി.സി.കെ.-യുടെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെയും

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിലുള്ള ഔട്ട്-ലെറ്റുകൾ വഴി വിപണനം നടത്തുന്നുണ്ട്. |
| (ബി) | കർഷകരുടെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിലൂടെ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും കയറ്റുമതി ഉൾപ്പടെ ലക്ഷ്യമിട്ട് കൂടുതൽ ഉപഭോക്താക്കളിലേക്ക് ഉല്പന്നങ്ങൾ എത്തിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനുമായി കൃഷിവകുപ്പ് 'Keralagro' എന്ന പേരിൽ ട്രേഡ് മാർക്ക് രജിസ്റ്റർ ചെയ്ത് 'കേരളഗ്രോ' എന്ന ഏകീകൃത ബ്രാൻഡ് ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കി നൽകിവരുന്നു. മുബൈ ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് ഈ ഉല്പന്നങ്ങൾക്ക് മികച്ച പാക്കിംഗ് ഉറപ്പാക്കുവാനുള്ള പരിശീലനവും നൽകുന്നുണ്ട്. 14 ജില്ലകളിലായി ആരംഭിച്ചിട്ടുള്ള 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, 14 പ്രീമിയം ഔട്ട് ലെറ്റുകൾ, മില്ലറ്റ് കഫേകൾ എന്നിവ മുഖേന ലഭ്യമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണന സൗകര്യവും തയ്യാറാക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പ്, VFPCK ഔട്ട് ലെറ്റുകൾ, പ്രാദേശിക സിവിൽ സപ്ലൈസ് സ്റ്റോറുകൾ തുടങ്ങിയ വഴി കേരളഗ്രോ ബ്രാൻഡഡ് ഉല്പന്നങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നാളിതുവരെ 942 മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് കേരളാഗ്രോ ബ്രാൻഡ് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഉല്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡ് ലഭ്യമാകുവാൻ കർഷകർ എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കാമോ; | (സി) | ഉൽപ്പന്നങ്ങൾക്ക് "കേരളാഗ്രോ" ബ്രാൻഡ് അനുവദിച്ച് നൽകുന്നതിന്, കർഷകർ/കർഷക ഗ്രൂപ്പുകൾ/ കൃഷിക്കൂട്ടങ്ങൾ/FPO-കൾ താഴെപ്പറയുന്ന രേഖകൾ ബന്ധപ്പെട്ട കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.<br><br>• GST രജിസ്ട്രേഷൻ (ആവശ്യമുള്ള പക്ഷം)<br>• ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ<br>• ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട ലൈസൻസുകൾ<br>• തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലൈസൻസുകൾ<br>• FSSAI രജിസ്ട്രേഷൻ (ഭക്ഷ്യവസ്തുക്കൾക്ക് മാത്രം)<br>• ന്യൂട്രിയന്റ് അനാലിസിസ് റിപ്പോർട്ട് (ഭക്ഷ്യവസ്തുക്കൾക്ക് മാത്രം)<br>• മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് (ആവശ്യമുള്ള പക്ഷം) |

| | | | |
|---|---|---|---|
| | | | കൃഷിഭവൻ തലത്തിൽ കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ പട്ടിക ജില്ലാ തല കമ്മിറ്റി ഗുണമേന്മ ഉൾപ്പടെ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് സംരംഭകർ അതാത് കൃഷിഭവനിലെ കൃഷിഓഫീസർ/ കൃഷി ഫീൽഡ് ഓഫീസറുമായി ധാരണാപത്രം ഒപ്പ് വയ്ക്കേണ്ടതാണ്. തുടർന്ന് ടി സംരംഭകരുടെ വിവരങ്ങൾ, കൃഷി ഡയറക്ടർ പരിശോധിച്ച് ബ്രാൻഡ് അനുവദിച്ച് നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത ബ്രാൻഡിലൂടെ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ഡി) | കേരളഗ്രോ ബ്രാൻഡ് അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് കൃഷിഭവനിലെ ഉദ്യോഗസ്ഥർ പ്രസ്തുത യൂണിറ്റുകൾ സന്ദർശിച്ച് മൂല്യവർധന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ<br>ലഭ്യത, മാലിന്യനിർമാർജ്ജനത്തിനുള്ള ക്രമീകരണങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, തദ്ദേശസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, FSSAI രജിസ്ട്രേഷൻ, ലീഗൽ മെട്രൊളജി വകുപ്പിൽ നിന്നുള്ള ലൈസൻസ് എന്നിവ ഉണ്ടെന്ന് ഉറപ്പാക്കുന്നു. കൂടാതെ ഭക്ഷ്യഉൽപ്പന്നങ്ങളുടെ പോഷക ഗുണം ഉറപ്പാക്കുന്നതിന് ന്യൂട്രീഷണൽ അനാലിസിസും നടത്തുന്നു. |
| (ഇ) | പ്രസ്തുത ബ്രാൻഡിലൂടെ വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ വില്പനയ്ക്കായി കൂടുതൽ കേരളഗ്രോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | നിലവിലുള്ള കേരളാഗ്രോ ബ്രാൻഡഡ് ഔട്ട് ലെറ്റുകളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ